**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** | **23-02-2026 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ വികസനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് കേരളാ മരിടൈം ബോർഡിന് കീഴിലുള്ള കോവളം - വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴിക്കൽ തുറമുഖങ്ങളിൽ വിദേശ കപ്പലുകൾ അടക്കമുള്ള യാനങ്ങൾ അടുക്കുവാനുള്ള കസ്റ്റംസ്, സെക്യൂരിറ്റി സർട്ടിഫിക്കറ്റുകൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുവാനുള്ള ക്രെയിൻ അടക്കമുള്ള യന്ത്രസാമഗ്രികളും വെയർ ഹൗസുകളും ലഭ്യമാണ്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ കപ്പൽ ചാനലിന്റെ ആഴം വർദ്ധിപ്പിക്കുവാനും അഡിഷണൽ വാർഫുകൾ നിർമിക്കുവാനുള്ള പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ട്. ഇതിനായുള്ള പാരിസ്ഥിതിക ആഘാത പഠനം നടന്നു വരുന്നു.<br><br>2024 ഡിസംബർ 3-ന് പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ തുടരെ വിലയിരുത്തി വരുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഡിസംബർ 31 വരെ 670-ലധികം കപ്പലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 40-ലധികം Ultra Large Container Vessels (ULCVs) ഉൾപ്പെടുന്നു. 14.3 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുണ്ടായി.<br><br>നിലവിൽ തുറമുഖം സ്ഥാപിത ശേഷിയുടെ 131% ശേഷിയിലാണ് പ്രവർത്തിക്കുന്നത്, ഇത് ഒരു പുതുതായി ആരംഭിച്ച ഗ്രീൻ ഫീൽഡ് തുറമുഖത്തിന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ തുറമുഖം 10 ലക്ഷം TEU എന്ന നാഴികക്കല്ല് പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്. തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയി ലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യ യിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കു ന്നത്. ഇവിടെ State-of-the-art automated cranes ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.<br><br>ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം ഇതിനകം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിംഗ്, അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ |

കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു.

2024- ൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കണ മെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 2026 ജനുവരി 24 ന് നിർവഹിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിച്ച് കഴിഞ്ഞു. തുടർഘട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 1200 മീറ്റർ കൂടി നീട്ടി, ആകെ 2000 മീറ്റർ ആയി വികസിപ്പിക്കും. നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് 920 മീറ്റർ കൂടി നിർമ്മിച്ച്, 3.88 കിലോമീറ്റർ ആയും വർധിപ്പിക്കും. കടൽ നികത്തിയാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതെന്നതിനാൽ അധികഭൂമി ഏറ്റെടുക്കേണ്ട ആവശ്യവുമില്ല. ഒന്നാം ഘട്ടത്തിൽ കടൽ നികത്തിയെടുത്ത 66 ഹെക്ടർ ഭൂമിക്ക് പുറമേ തുടർ ഘട്ടങ്ങൾക്കായി ഏകദേശം 50 ഹെക്ടർ ഭൂമികൂടി കടൽ നികത്തി വികസിപ്പിക്കുകയാണ് ലക്ഷ്യം. തുറമുഖത്ത് ക്രെയിനുകൾ, ടഗ്ഗുകൾ ഉൾപ്പെടെയുള്ള കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാനങ്ങൾ ഒരുക്കുക യുമാണ് ഇനിയുള്ള മറ്റ് പദ്ധതികൾ, നിലവിലുള്ള 8 ഷിപ് ടു ഷോർ (എസ് ടി എസ്) ക്രെയിനുകൾക്ക് പുറമേ 12 പുതിയ എസ് ടി എസ് ക്രെയിനുകളും 24 യാർഡ് ക്രെയിനുകൾക്കൊപ്പം 27 പുതിയ യാർഡ് ക്രെയിനു കളും സ്ഥാപിക്കും. അത്യാധുനികമായ ക്രെയിനുകളും ഓട്ടോമേഷൻ സംവിധാനങ്ങളും തുറമുഖത്തിന്റെ പ്രവർത്തനശേഷിയും ക്ഷമതയും ഗണ്യമായി ഉയർത്തും.

2028 ഓടെ ഒരേ സമയം 5 മദർ ഷിപ്പുകൾ വരെ തുറമുഖത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. 2000 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്ത് പൂർത്തിയാകുന്ന തോടെ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ടെയ്നർ ബെർത്ത് എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കും. തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം ടി ഇ യുവിൽ നിന്ന് 30 ലക്ഷം ആയി വർധിക്കും. കൂടുതൽ ക്രെയിനുകൾ, ആധുനിക ഓട്ടോമേഷൻ, ഉയർന്ന ഓപ്പറേഷണൽ കാര്യക്ഷമത എന്നിവയിലൂടെ തുറമുഖ ത്തിന്റെ പ്രതിവർഷ കൈകാര്യ ശേഷി 57 ലക്ഷം ടി ഇ യു വരെയായി ഉയർത്താൻ കഴിയുമെന്നതാണ് മറ്റൊരു നേട്ടം. തുറമുഖത്തിന്റെ തുടർഘട്ട വികസന പ്രവർത്തന ങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി എന്നിവ വികസിപ്പിച്ച് സുഗമമായ ചരക്ക് നീക്കം സാധ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുമായി ബന്ധിപ്പി ക്കുന്ന റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ DPR-ന് 16/03/2022 ൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17/07/2024 ന കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിൽ നിന്നും ലഭിച്ചു. പദ്ധതിയുടെ DPR-ന് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം 20/03/2025 ൽ അംഗീകാരം നൽകി. ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചു. നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള

<table>
<tr><td></td><td></td><td></td><td>റെയിൽപാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം 9.0 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന്, തുറമുഖത്തെ ദേശീയപാത NH66 മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പോർട്ടിൽ നിന്നും NH66 മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പോർട്ട് റോഡ് NH66 മായുള്ള ഇന്റർസെക്ഷൻ NHAI യുടെ അംഗീകാരം ലഭിച്ച് നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തു നിന്നും തുറമുഖ റോഡും, ഔട്ടർ റിംഗ് റോഡും, ദേശീയപാത NH66-മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ പാതയിലും ഔട്ടർ റിംഗ് റോഡിന്റെയും ദേശീയപാത യുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജംഗ്ഷനെ ക്ലോവർലീഫ് ആയി നിർമ്മിക്കുന്നതിനുള്ള ഇന്റർസെ ക്ഷൻ സ്കീമും NHAIയുടെ പരിഗണനയിലാണ്. ഏകദേശം 14 ഹെക്ടർ ഭൂമി ഇതിന് ആവശ്യമായി വരും എന്ന് കണക്കാക്കുന്നു. ഇതിന് ഏകദേശം 312 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക NHAI യും കേരള സർക്കാരും 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നതിൽ തത്വത്തിൽ തീരുമാനമായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കണ്ണൂർ അഴീക്കൽ തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഉണ്ട്. കണ്ണൂർ ആഴീക്കലിൽ ഒരു അന്താരാഷ്ട്ര തുറമുഖ പദ്ധതി ലക്ഷ്യമിട്ടുന്നുണ്ട്. ഈ പദ്ധതിയുടെ രൂപരേഖ മലബാർ ഇന്റർനാഷണൽ പോർട്ട് സെസ്സ് ലിമിറ്റഡ് എന്ന കമ്പനി തയ്യാറാക്കുകയും 23-12-2025 ലെ G.O.(Ms)No.29/2025/F&P പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ തുറമുഖ വികസനത്തോടൊപ്പം പ്രത്യേക സാമ്പത്തിക മേഖലകളും വ്യവസായ പാർക്കുകളും ഉദ്ദേശിക്കുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളുടെ ഭാഗമായി ലഭ്യമായിട്ടുള്ള അധികഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഈ ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(സി)</td><td>ഉണ്ട്. തുറമുഖ ഭൂമി അടക്കമുള്ള നിഷ്ക്രിയ ആസ്തികൾ അളന്ന് തിട്ടപ്പെടുത്തി ഭാവിയിൽ തുറമുഖ വികസനം സാധ്യമല്ലാത്ത തുറമുഖ ഭൂമിയിൽ മാരിടൈം ടൂറിസം, മാരിടൈം വ്യവസായം, മാരിടൈം ലോജിസ്റ്റിക്സ് എന്നീ ആവശ്യങ്ങൾക്കായി പിപിപി മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനകം തന്നെ ആദ്യ ഘട്ടമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ 8 പദ്ധതികൾ പരിശോധിച്ചുവരുന്നു. അടുത്ത ഘട്ടമായി 25 പദ്ധതികൾ കൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.</td></tr>
<tr><td>(ഡി)</td><td>തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ചെലവഴിച്ച തുകയെത്ര; വിശദാംശം നൽകുമോ;</td><td>(ഡി)</td><td>കേരള മാരിടൈം ബോർഡിന്റെ കീഴിൽ വരുന്ന നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായി 2016-17 മുതൽ 31/01/2026 വരെ പദ്ധതിവിഹിതത്തിൽ നിന്നും 227.97 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്<br><br>2021-2026 കാലയളവിൽ നാളിതുവരെ വിഴിഞ്ഞം തുറമുഖ ത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് Rs.23,55,18,17,513/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br><table>
<tr><th>Sl No</th><th>ചെലവ്</th><th>2021-2026 (രൂപ)</th></tr>
<tr><td>1</td><td>ഭൂമി ഏറ്റെടുക്കൽ</td><td>3,69,47,10,156</td></tr>
<tr><td>2</td><td>ജീവനോപാധി നഷ്ടപരിഹാരം</td><td>20,28,81,346</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| 3 | സാമൂഹിക ക്ഷേമം | 2,02,18,111.34 |
| 4 | അടിസ്ഥാന സൗകര്യം | 3,56,58,72,103 |
| 5 | ഫണ്ടഡ് വർക്ക്സ് | 9,65,90,36,700 |
| 6 | തുറമുഖ വികസനം | 4,65,90,75,000 |
| 7 | കൺസൽട്ടൻസിക്കായുള്ള ചെലവ് | 5,27,20,489 |
| 8 | പദ്ധതി പഠനം | 55,55,386 |
| 9 | നിയമപരമായ ചെലവ് | 7,42,13,590.44 |
| 10 | ധനകാര്യ ചെലവ് | 1,33,83,85,045 |
| 11 | ഭരണ സംബന്ധ ചെലവ് | 27,91,49,586.4 |
| ആകെ | | 23,55,18,17,513 |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസന പ്രവർത്തനത്തിനായി കേന്ദ്രസർക്കാർ തുക ചെലവഴിക്കുന്നുണ്ടോ; അറിയിക്കാമോ? | (ഇ) | കൊല്ലം തുറമുഖത്ത് അഡിഷണൽ വാർഫ് നിർമാണ ത്തിനായി സാഗർമാല പദ്ധതിയിൽ നിന്നും ആകെ 6,51,40,429/- രൂപ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ